(എച്ച്) ആശുപത്രിയിൽ എത്തുന്ന രോഗികൾ തൊട്ടടുത്ത് പ്രാക്ടീസ് ചെയ്യുന്ന റിട്ടയേർഡ് ഡോക്ടർമാർക്ക് പണം നൽകി അഡ്മിഷൻ ടിക്കറ്റു വാങ്ങി ഡ്യൂട്ടി ഡോക്ടറെ കൊണ്ട് അഡ്മിറ്റ് ചെയ്യുന്ന പ്രവണത ഒഴിവാക്കാൻ പ്രസ്തുത സൂപ്രണ്ടിന്റെ സർക്കുലറുകൾ റദ്ദാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്താകമാനം ദിവസവേതന വ്യവസ്ഥയിൽ ഏകദേശം 124 ഓളം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ പെൻഷൻപറ്റിയവരുടെ മാത്രമായി പ്രത്യേകം കണക്ക് എടുത്തിട്ടില്ല.

(ബി). തിരുവനന്തപുരം ജില്ലയിൽ സിവിൽ സർജൻമാരുടെ 25 ഒഴിവും പാലക്കാട് ജില്ലയിൽ അസിസ്റ്റന്റ് സർജന്റെ പതിനഞ്ചും സിവിൽ സർജന്റെ പത്തും ഒഴിവുകളുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ആശുപത്രിയിലെ തിരക്കു കാരണം രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സുഗമമായ സൗകര്യം ചെയ്യുന്നതിന് വേണ്ടി സൂപ്രണ്ട് പുറപ്പെടുവിച്ച സർക്കുലറിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. ഒരു വർഷത്തെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിച്ചു.

(ജി) പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ കിടത്തി ചികിത്സിക്കുന്നതിലുള്ള തിരക്ക് ഒഴിവാക്കുവാൻ വേണ്ടിയും, സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻവേണ്ടിയുമാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചത്. എന്നാൽ ഈ സർക്കുലറിൽ അപാകതയുണ്ടെങ്കിൽ ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കുലർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ നിലവാരവും പ്രതിബദ്ധതയും

108 (3868) ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ മെഡിക്കൽ പ്രവേശന പരീക്ഷ ജയിച്ചു വരുന്നവരിൽ സാധാരണ ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്നവരുടെ എണ്ണം കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം രോഗികൾക്ക് അർഹിക്കുന്ന സഹാനുഭൂതിയും പരിചരണവും ലഭിക്കാതെ വരുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ കുറവ് പരിഹരിക്കുന്നതിന് മെഡിക്കൽ പ്രവേശനത്തിന് വിദ്യാർത്ഥികളുടെ നിലവാരവും, പ്രതിബദ്ധതയും ഉറപ്പ് വരുത്തുന്ന രീതിയിലുള്ള പരിഷ്ക്കാരം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പലതവണ പരീക്ഷ തോറ്റവർ ജയിച്ചു വരുന്നത് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർക്കുന്നതിനാൽ ചാൻസ് നൽകുന്നതിൽ പരിമിതി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇത്തരമൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) 'ബി' വിഭാഗത്തിനു നൽകിയിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചാൻസ് നൽകുന്നതിൽ പരിമിതി ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം പരിഗണനയിലില്ല.

സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ നിന്ന് നഴ്സിംഗ് കോഴ്സ് പാസ്സായവർക്ക് സർക്കാർ ആശുപത്രിയിൽ ട്രെയിനിംഗ്

109 (3869) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ നിന്നും നഴ്സിംഗ് കോഴ്സ് പാസ്സായവർക്ക് (ബോണ്ടഡ് കാൻഡിഡേറ്റ്) സർക്കാർ ആശുപത്രികളിൽ ട്രെയിനിംഗ് നൽകാറുണ്ടോ ;

(ബി) ഇവരുടെ ട്രെയിനിംഗ് കാലാവധി എത്രയാണ് ;

(സി) ഇവർക്ക് ഈ സമയം ശമ്പളമോ അലവൻസോ നൽകാറുണ്ടോ ; എങ്കിൽ പ്രതിമാസം എത്ര ;

(ഡി) ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) 2002 ജനുവരി മുതൽ ഡിസംബർ വരെ ഡി.എച്ച്.എസ്.ൽ നിന്നും ഇത്തരത്തിലുള്ള എത്ര പേരുടെ ലിസ്റ്റ് തിരുവനന്തപുരം ഡി.എം.ഒ.യ്ക്ക് ലഭിച്ചിട്ടുണ്ട് ; ഇവരുടെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ; ഇവരുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly